ഫോണോക്കോം അയക്കുന്നതിനുള്ള വ്യവസ്ഥ

*൭൪൪. (൧൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂറിൽനിന്നു കൊച്ചിയിലേക്കും കൊച്ചിയിൽനിന്നു തിരുവിതാംകൂറിലേക്കും ഫോണോക്കോം അയക്കുന്നതിനു വ്യവസ്ഥകളുണ്ടോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതേർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുമോ?

Mr. Speaker: That is a suggestion for future action.

അമേരിക്കൻ സാമാനങ്ങൾക്കു നികുതി

*൭൪൫. (൧൧) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അമേരിക്കൻ സാമാനങ്ങൾ ഇവിടെ കൊണ്ടുവരുന്നതിനു പ്രത്യേകം നികുതിയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ).

(എ, ബി) ചുങ്കം ഒരു കേന്ദ്രവിഷയമാണു. ആവശ്യമുള്ള വിവരങ്ങൾ കേന്ദ്രത്തിലെ ചുങ്കം ഉദ്യോഗസ്ഥന്മാരിൽനിന്നു അറിയാവുന്നതാണു.

വില്ലേജ് അപ്പലിഫ്റ്റും പഞ്ചായത്തും വകുപ്പുകളും

*൭൪൬. (൧൨) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂറിലെ വില്ലേജ് അപ്പലിഫ്റ്റിന്റെ വകുപ്പും, കൊച്ചിയിലെ പഞ്ചായത്തുവകുപ്പും തമ്മിൽ യോജിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ ഒരു ഉത്തരവു പാസ്സാക്കിയ തീയതി;

(ബി) കൊച്ചിയിലേയും തിരുവിതാംകൂറിലേയും ആഫീസുകൾ തമ്മിൽ യോജിപ്പിച്ചുകഴിഞ്ഞുവോ എന്നും, കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും പറയുമോ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ടു.

(ബി) കഴിഞ്ഞു. ൪—൯—൧൯൪൦.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ഇപ്പോഴത്തെ വകുപ്പധ്യക്ഷൻ ആരാണെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പഞ്ചായത്തു ഡയറക്ടർ, മി. സബാസ്റ്റ്യനാണു.

LIBRARY ARCHIVES Kerala Legislative Assembly